


ഗവ. ഹയർ സെക്കന്ററി സ്കൂൾ കണിയഞ്ചാൽ

**ഉള്ളടക്കം**


1. ചിന്താവിഷയം- നാം ഒന്ന്- Page 3
2. കവിത- അമ്മ Page 4
3. കഥ -സ്നേഹത്തേൻ Page 5
4. കവിത ഭ്രമി Page 6
5. ലേഖനം പഴയിടത്തിന്റെ വീണ്ടെടുപ്പ് Page 7
6. കവിത ഞാൻ ഏകയായ് Page 8
7. ചിന്താവിഷയം എങ്ങനെ ജീവിക്കാം Page 9
8. വരകൾ ചിത്രങ്ങൾ Page 10


# എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ : കെ.പി .രാധാകൃഷ്ണൻ (ഹെഡ്മാസ്റ്റർ)

സ്റ്റാഫ് എഡിറ്റർ :സതീഷ് പി കെ

സ്റ്റുഡന്റ് എഡിറ്റർ :ദേവപ്രിയ കെ എസ്

അംഗങ്ങൾ :കെ സഹീർ (പി ടി എ പ്രസിഡണ്ട്), മേഘ സജീവ്, മുഹമ്മദ് നസൽ , ഹെലന കെ ബിനോയ് , തോമസ് ജെയ്സൺ , അമൽ ബി തയ്യിൽ ,അഭിനവ് സുരേഷ്

ടൈപ്പിംഗ് : അമൽ ബി തയ്യിൽ,റിൻസ് ജോസഫ് , മൈക്കിൾ ജോർജ്

ചിന്താവിഷയം

# നാം ഒന്ന്

ഫാത്തിമത്ത് സിഫാനത്ത് കെ പി
ക്ലാസ് 8 C

*ഒരിക്കൽ ഒരു മുസൽമാനും ഒരു ഹിന്ദുവും ഒരു ക്രിസ്ത്യാനിയുമുണ്ടായിരുന്നു. ആ കാലഘട്ടം ജാതിയുടേയും മതത്തിൻ്റയും പേരിൽ മനുഷ്യർ വേർതിരിക്കുമായിരുന്നു. ഒരു മതവിശ്വസ്തനെ മറ്റുള്ള വിശ്വസ്തൻ അംഗീകരിച്ചിരുന്നില്ല. അവരുടെ മനസ്സിൽ അവർക്കു സ്ഥാനമുണ്ട് പക്ഷേ അതവർ മനസ്സിൽ സൂക്ഷിച്ചു. അവർ അവരുടെ സ്നേഹവും ബഹുമാനവും അവരോടാണെന്നു നടിച്ചു. ഒരിക്കൽ ഒരു മുസൽമാനെ ഒരു കൂട്ടം ആളുകൾ ആക്രമിച്ചു.*

*ആക്രമിക്കപ്പെട്ട ആ മുസൽമാൻ വഴിയോരത്തു ചോരയിൽ കുളിച്ചിരിക്കുന്നു. ആ വഴി ഹിന്ദുവും ക്രിസ്ത്യാനിയും വന്നു അവരുടെ മനസ്സാക്ഷി കൊണ്ട് അവർ മുസൽമാനെ രക്ഷിച്ചു. അപ്പോൾ അവർ ജാതിയോ മതമോ നോക്കിയില്ല. അവർ വേണ്ട എല്ലാ ശുശ്രൂഷകളും ചെയ്തു അവർ ഏത് ജാതിയാണോ മതമാണ് എന്നും നോക്കാതെ പരസ്പരം ബഹുമാനിക്കുകയും ചെയ്തു. ഈ മതസൗഹൃതമാണ്* 1947 *ആഗസ്റ്റ്* 15 *ന് നമുക്കു ബ്രിട്ടീഷുകാരിൽനിന്നും നമ്മുടെ ഇന്ത്യ സ്വതന്ത്രമാക്കാൻ കഴിഞ്ഞത്.*

*അവർ ഒരുമിച്ചു പറഞ്ഞു മതമേതായാലും നമ്മുടെ ഞരമ്പുകളിൽ ഒഴുകുന്ന ചോര ഒന്നല്ലെന്നും* 1947 *ന് ശേഷം* 2020 *ൽ ഇതേ ഇന്ത്യയിൽത്തന്നെ വർഗീയത ഉണ്ടാകാൻവേണ്ടി മതസൗഹൃദം തകർത്തെറിയാൻവേണ്ടി പൗരത്വബിൽ ഇവിടെ കൊണ്ടുവരുന്നു. ഈ ഈ പൗരത്വബില്ലിനെ നാം ഒരുമിച്ചു നേരിടും നാം വിജയിക്കുകയുംചെയ്യും ഇത് തീർച്ച .*

കവിത

# അമ്മ

ആർച്ച അനീഷ്
8A

അമ്മ എന്ന വാക്ക്
വെറുമൊരു വാക്കല്ല
ആ വാക്കിനുടമകൾ
ദൈവമാണ്
തന്റെ പാതി ജീവൻ
നമുക്ക് നൽകിയവർ
പത്തുമാസം നമ്മെ
ചുമന്നവർ
വേദന സഹിച്ചവർ
അമ്മയുടെ ത്യാഗമെല്ലാം
മറന്നിന്നു മക്കളവരെ
ഉപേക്ഷിക്കുന്നു
അവരുടെ കണ്ണീര്
കാണാതെ പോകില്ലും
അവർ നമുക്കായ്
പ്രവർത്തിക്കുന്നു
പെറ്റമ്മയുടെ കണ്ണീർ
കാണാതവരെ
പുറംതള്ളുന്നവരിതോർക്കുക
അവരുടെ സുഖത്തിനായി
നിങ്ങളെ കളഞ്ഞിരുന്നെങ്കിൽ
ഗതിയേതാകുമായിരുന്നു



കഥ

# സ്നേഹത്തേൻ

സ്നേഹ ജോസഫ്
ക്ലാസ് 8 C

മിട്ട തുമ്പിയും ചിത്രശലഭവും കൂട്ടുകാരാണ് . ഒരിക്കൽ തേൻ കുടിക്കാനായി ഇരുവരും പൂക്കളിൽ എത്തി. മിട്ടുത്തുമ്പിയും ചിത്രശലഭവും ഒരു പൂവിൽ. രണ്ട് പേരും വഴക്കായി.

"ഞാനാണാദ്യം ഈ പൂവിൽ ഇരുന്നത് എനിക്ക് വേണം ഈ പൂവിലെ തേൻ " മിട്ടുത്തുമ്പി പറഞ്ഞു.

"അല്ല ഞാനാ ആദ്യം ഈ പൂവിൽ ഇരുന്നത് എനിക്ക് വേണം ഈ പൂവിലെ തേൻ" ചിത്രശലഭവും വാശിപിടിച്ച

അപ്പോൾ ചിത്രശലഭം പൂവിനോട് പറഞ്ഞു. "പൂവേ നിന്നെപ്പോലെ ചന്തം എനിക്കില്ലേ? അപ്പോൾ എനിക്ക് വേണം നിന്റെ തേൻ"

അപ്പോൾ പൂവ് പറഞ്ഞു. "ചന്തത്തിലല്ല കാര്യം സ്നേഹബന്ധത്തിലാ നീയും വണ്ടുമൊക്കെ തേൻ കുടിക്കുമ്പോൾ ഞങ്ങൾ എത്രയാ നോവുന്നെന്നറിയാമോ?"

ഒരു കുട്ടി ഇതെല്ലം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് തന്നെ അവൻ തുമ്പിയെ പിടിച്ച നൂലുകെട്ടി പറത്തി കളിയ്ക്കാൻ തുടങ്ങി.

വഴക്കടിച്ചവരെങ്കിലും ഇതുകണ്ട ശലഭത്തിനു സങ്കടമായി. ശലഭം കുട്ടിയോട് പറഞ്ഞു.

"ആ പാവം തുമ്പിയെ വിട്ടേക്ക് "പക്ഷെ ആര് കേൾക്കാൻ? പെട്ടന്ന് കുട്ടി ഒരു കല്ലിൽ തട്ടി താഴെ വീണു. അവന്റെ കൈയിലെ നൂല് നിലത്ത് പോയി.

അങ്ങനെ തുമ്പി രക്ഷപെട്ടു. മിട്ടുത്തുമ്പിയും ശലഭത്തിനും ആശ്വാസമായി.

അവർ പറഞ്ഞു "ഇനി നമ്മൾ മിത്രങ്ങളാ ഓരോരോ പൂവിലെ തേൻ കുടിക്കാം"

അപ്പോൾ പൂവ് പറഞ്ഞു. " ആദ്യം സ്നേഹത്തേൻ നുകരൂ.... പിന്നെ ഞങ്ങളുടെ തേനും "



കവിത

# ഭൂമി

ശോഭിൻ സതീഷ്
ക്ലാസ് 8 B

*ഭൂഗോളമെന്നൊരു ഭൂമി ഇപ്പോൾ*
*കൈവിരൽ തുമ്പിലെ കോണിലാണെ*
*കാണാതെ കണ്ടിട്ടും*
*കണ്ടോണ്ട് കണ്ടിട്ടും*
*കണ്ടുതീരാത്തൊരു ഭൂമിയാണ്*
*ഫ്ളാറ്റുകളൊക്കെ പടുത്തുയർത്തുമ്പോൾ*
*താങ്ങുവാനാവാതെ ഭൂമിയിപ്പോൾ*
*മെല്ലെ കുലുങ്ങി കനം കുറക്കുന്നു*
*ഉള്ള നിറഞ്ഞുള്ള  കാഴ്ച കാണാം*
*എല്ലാം അറിഞ്ഞിട്ടും ഒന്നുമറിയാത്ത*
*ഭാവം നടിക്കുന്ന മാനവര്*
*ഭൂഗോളമെന്നൊരു ഭൂമി ഇപ്പോൾ*
*ഉള്ള കറുത്ത കരഞ്ഞിടുന്നു*



ലേഖനം

# പഴയിടത്തിന്റെ വീണ്ടെടുപ്പ്

നിവേദ്യ എസ് അജിത്ത്
ക്ലാസ് 8 C

ഒരുകാലത്ത് അത്യപൂർവം എന്നുകരുതിയിരുന്ന രോഗം, ഇന്ന് പനി പോലെ ഇന്ന് സർവ്വസാധാരണമായി മാറിയിരിക്കുന്നു ; ക്യാൻസറിന്റെ കാര്യമാണ് പറയുന്നത് . ക്യാൻസർ വർദ്ധിക്കുന്നതിന്റെ കാരണം അന്വേഷിച്ച് നമ്മൾ മറ്റെങ്ങും പോകേണ്ട .ക്യാൻസർ നമുക്ക് നേരെയാണ് വിരൽ ചൂണ്ടുന്നത്.

മനുഷ്യന്റെ ഉപഭോഗസംസ്കാരത്തിൽ വന്ന മാറ്റമാണ് ഇന്ന് കേരളീയരെ ഇത്രയധികം അർബുദ രോഗികളാക്കി മാറ്റിയത് എന്നത് നമ്മൾക്ക് അർത്ഥശങ്കയില്ലാതെ പറയാം. നമ്മുടെ സഞ്ചാരം അതിവേഗമാണ്. ആർക്കും ഒന്നിനും സമയമില്ല. ചെറിയ സമയത്തിൽ ഒത്തിരി കാര്യം ചെയ്യാനുണ്ട് . അതിനാൽ വീട്ടിലെ ഭക്ഷണം ഉപേക്ഷിച്ച് ഹോട്ടൽ ഭക്ഷണം ശീലമാക്കിയിരിക്കുന്നു . അത് അങ്ങനെ ആയില്ലെങ്കിൽ അഭിമാനക്കുറവായി ആൾക്കാർ കരുതുന്നു.

K F C ചിക്കൻ കഴിക്കുന്നവർക്ക് ഒപ്പമിരുന്ന് ഇലയട പോലൊന്ന് കഴിക്കുന്നത് ചിന്തിക്കാൻ കഴിയുമോ? മഞ്ഞൾ അർബുദ പ്രതിരോധവസ്തുവാണ് . അത് പണ്ട് ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു . ഇന്ന് അതിനു പകരം ഗരം മസാലപോലുള്ളതാണ് നമ്മൾ ഉപയോഗിക്കുന്നത്. അടുത്ത തലമുറയെങ്കിലും ഈ മഹാവിപത്തിൽ നിന്ന് രക്ഷനേടി ആരോഗ്യപരമായ ഒരു സമൂഹം ഇവിടെയുണ്ടാകട്ടെ എന്നു പ്രത്യാശിക്കാം. അതിനാൽ പഴയിടത്തിന്റെ ഒരു വീണ്ടെടുപ്പ് നമുക്ക് അനിവാര്യമാണ്, എന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

കവിത

# ഞാൻ ഏകയായ്

സാന്ദ്ര സജി
ക്ലാസ് 9

ആ വഴികളിൽ
ഞാൻ ഏകയായ്
കൂടെയാരുമില്ലാതായ്
എൻ മനം മൊഴിഞ്ഞു
ഏകയായ്
ഹൃദയമിടിപ്പില്ലാതായ്
ദുഖമാവുന്ന മഴ
എന്നിൽ പെയ്തിറങ്ങി
കണ്ണീരാവും സമുദ്രത്തിൽ
ഞാൻ മുങ്ങിപോയി
ചിതറിത്തെറിക്കുന്ന
ചിന്തകളിൽ ഞാൻ
എപ്പോഴും പൊട്ടിനുറങ്ങുന്ന
മനസ്സുമായ്
ഞാൻ ഇതിലെ



ചിന്താവിഷയം

# എങ്ങനെ ജീവിക്കും ?

ജൂഡിയ ജിമ്മി
ക്ലാസ് 8 A

ഒരു ദിവസം ഒരു ദരിദ്രനായ വ്യക്തി ബുദ്ധന്റെ അരികിൽ വന്നിട്ട് ചോദിച്ചു . "എന്തുകൊണ്ടാണ് ഞാൻ ഒരു ദരിദ്രൻ ആയത് ?"

ബുദ്ധൻ പറഞ്ഞു "കാരണം നിങ്ങൾ ആർക്കും ഒന്നും തന്നെ നൽകുന്നില്ല എന്നതാണ് കൂടാതെ എങ്ങനെ നൽകാം എന്നതും നിങ്ങൾക്ക് അറിയില്ല" അപ്പോൾ ദരിദ്രൻ പറഞ്ഞു

"എന്റെ കയ്യിൽ നൽകാൻ ഒന്നും തന്നെ ഇല്ല " ബുദ്ധൻ പറഞ്ഞു "നിങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ നൽകാൻ സാധിക്കും. നിങ്ങൾക്കൊരുമുഖമുണ്ട് ,അതുകൊണ്ട് ചിരിക്കാം സന്തോഷിക്കാം .നിങ്ങൾക്കൊരു വായ ഉണ്ട്, അതുകൊണ്ട് ദയവുള്ള വാക്കുകൾ സംസാരിക്കാം ,ആളുകളെ പ്രോത്സാഹിപ്പിക്കാം സന്തോഷിപ്പിക്കാം, നിങ്ങൾക്കൊരു ഹൃദയം ഉണ്ട് , അതുകൊണ്ട് ലോകത്തെ സ്നേഹിക്കാം, നിങ്ങൾക്കുള്ള രണ്ടുകണ്ണുകൾകൊണ്ട് മറ്റുള്ളവരെ സ്നേഹത്തോടെയും അനുകമ്പയോടെയും നോക്കാം. നിങ്ങൾക്കൊരു ശരീരം ഉണ്ട് ,അതുകൊണ്ട് അദ്ധ്വാനിക്കാനും മറ്റുള്ളവരെ സഹായിക്കാനും സാധിക്കും. നമ്മുടെ ഹൃദയത്തിൽ നമ്മൾ ദരിദ്രനാണെന്നു തോന്നിക്കഴിഞ്ഞാൽ നമ്മൾ ദരിദ്രനാകുന്നു. ഈ പറഞ്ഞ കാര്യമെല്ലാം അതിൽ പെടുന്നതാണ് മറ്റുള്ളവർക്ക് നമ്മൾ സന്മനസോടുകൂടി നന്മ ചെയ്യുന്നതിന് അനുസരിച്ച് ഒരു ദിവസം നമുക്ക് അതിനു തിരിച്ച് ലഭിച്ചിരിക്കും മറ്റുള്ളവരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാത്ത തരത്തിൽ നല്ല കാര്യങ്ങൾ ചെയ്യുക നിങ്ങൾക്കും അത് തിരിച്ച് ലഭിച്ചിരിക്കും നമ്മളിൽ എല്ലാവരിലും നന്മയും ഉണ്ട് എന്ന് മനസ്സിലാക്കി പ്രവൃത്തിക്കുക വിജയം സംഭവിച്ചിരിക്കും "


# വരകൾ ചിത്രങ്ങൾ

അഖിൽ ബാലൻ
Class 8 B



**അൽഷ ബിനോയി**

**Class 8 A**



നയന എലിസബത്ത് റോയ്

Class 9 B



ആൻമരിയ എം എം

Class 9 C




ഗോകുൽ കെ ജെ

Class 8 B




അശ്വിൻ സി കെ


Class 8 B



**നന്ദു സി**

**Class 8 B**





**മിലന പി എ**

**Class 8 B**

**നവനീത സാബു**

**Class 9 B**



**നന്ദന വിനോദ്**

**Class 9 B**



# നന്ദി.........................................